Extract of proceedings of the Working Committee of

The All India Hereditary Ayurvedic Doctors'

League, Guntur,

that met at Bombay, at Prabhuram's Ayurvedic College, under the presidency of Prof. D. Rangacharyulu, on 9-10-37 at 1 P. M.

Present:- Prof. D. Rangacharyulu and others Ten.

Subject:-	Resolution:-
1. This meeting expresses its deep sense of sorrow towards the untimely demise of Janab Khaji Mahammed Abdul Latiff, the working Committee-member who rendered valuable services to the cause of Ayurveda in general and to this League in particular.	Meeting adjourned for three minutes in respect of Late Khaji M d. Abdul Latiff, the Working committee member moved from the Chair and unanimously approved.
2. To consider the selection of the President, Place, and date of the Next Annual conference. Also the connected letters and papers.	Resolved to accept the invitation of the Secretary of the Nizam Ayurvedic Thibi Conference to hold it in Hyderabad 2 under the presidency of Pandit Madan Mohan Malavya or Dr. Popat PrabhuRam L. M & S., in the month of Jan '38. I. Propser:- Dr. Pratap Kumar Vaidya Seconder:- V. Raghavacharyulu. II. From the Chair. Unanimously carried.
3. Fixing the date for Herbal Exploration to be held	Resolved to authorise the Receiption Committee

at Ramgiri (Nizam). Also the President's note to select the president of the same.	to select Dr. Narasimha-Sastry of Bangalore as the President Unanimously crrried.
4. Consideration of protest letter of Dr. Mukherjea of Calcutta for having selected the Principal G. Sreenivasamoorty as the President of the Ayurvedic Section of Oriental Conferences to be held at Trivandrum. Also opinions of several working Committee-members and connected papers.	In thanking the Government of Travancore for introducing Ayurvedic Section in the ensuing Oriental Conferences, this working Committee places on record its protest in selecting Captain. Sreenivasamoorty, President of the Central Board of Indian Medicine as the president of the Ayurvedic Section, since he is adverse to the genuine progress of Ayurveda.
5. To start an official organ (Monthly) of the League in English or Hindi. Also the President's note to select the Editor Sub-Editor and connected papers.	Resolved to run the original organ in both English and Telugu extending its pages to 32. Carried unanimously.
6. The selection of a representative from the League to the Oriental conferences to be held at Trivandrum.	Resolved that Prof. D. Rangacharyulu (President) Dr. P. Anandapandit Vice President of the League, Dr. Pratap Kumar Vaidya of Bombay and Dr. T. Jiyyar Doss, The Harijan secrtary of the Doctor's League be sent up as the representatives of the League.
7. Protest against the procedure of the Interim Ministry of the Madras Govenment in extending the Central Board of Indian Medicine with nominated members.	Resolved that in protesting the extension of the term of the Central Board of Indian Medicine Madras. for three years by the Interim Ministry,

	Request the present Government of Madras to re-constitute the same on representative basis.
8. a. Holding Thridosha Charcha Parishad and Rasa Vignana Section along with the 5th Sessions of The All India Hereditary Ayurvedic Doctors League Conference, b. Selection of Presidents as suggested by Kaviraj M. K. Mukherjea.	Resolved to hold both the Conferences along with the 5th Sessions of the A. I. H. A. Doctor's Conference to be held at Hyderabad under the presidency of Pt. Kaviraj Sachindranath Chatopadhyaya of Calcutta, and Rasacharaya Kaviraj Bijoiyi Kali Bhattacharya M. A. or Hari Prapannaji of Bombay.
9. To extend the co-operation and support to the second Sessions of the All India Ayurvedic Conference proposed to be held at Trivandrum under the auspices of NikhlBharatiya Vaidya Pratinidhi Mandal. Also for strengthening the pos tion of those who are sincerely labouring for the real growth of genuine Ayurveda in the country efforts of the All India Hereditary Doctors' league be made conjointly with Nikhila Bharathiya Vaidya Pratinidhi Mandal so far as practicable as proposed by Kaviraj Mukherjea.	Reoslved to adopt the verbatum of the resolution submitted by Kaviraj M. K. Mukherjea of Calcutta. Proposer:— T. Jiyyar Doss Seconder:—Dr. P. Anada Pandit. Carried unanimously
10. The appreciation for ready response of the National Ministers approached for interviews as proposed by T. Jiyyar Doss and seconded by Mr. A. Arthur.	Resolved that grateful thanks to be conveyed to the National Provincial Ministers for giving ready response when the President of the League approached them in the caase of Ayurveda. Unanimously Carried.

11. The appointment of Mr. A. Ramaswamy of Hyderabad in the place of late Haji Mahammed Latiff as a Working Committee member. Also president's note for approval of the same.	Resolved to approve the appointment of Mr. A. Ramaswamy of Hyderabad as Working Committee member. From the Chair carried unanimously.
12. Thanking H. E. H. the Nizam for stopping the Test Examinations brought upon the Ayurvedic Physicians in the State.	Resolved to convey grateful thanks to H. E. H. the Nizam for putting a stop to the Test Examinations. Carried unanimously.
13. To give impetus to Ayurveda duly consulting the Associations working in his State and the Officers like other Provinces.	Resolved to request H. E. H. the Nizam to give impetus to Ayurveda similiar the other Provincial Governments. Carried unanimously
14. To thank the President of the Executive Council of Hyderabad State for receiving Deputation of the Ayurvedic Physicians and promising to give consideration to the scheme presented after duly consulting the Minister in charge.	Proposed by D. P. Ananda Pandit and seconded by Dr. T. V. Raghavacharyulu. Carried unanimously.

BELOL.

Good news for sufferers from Rheumatism, Sciatica, Lumbago, Hemiplegia, Gout, Lock-jaws, Nerve pains etc.

BELOL is a valuable and effective remedy for various kinds of diseases of the Nervous System.

BELOL not only rid you of your pain but its splendid tonic action will bring back renewed vigour and vitality.

Splendid for men, women at all times— and children too.

Small bottle .Rs 6-0-0

Large bottle. --Rs 11-8-0

Agents wanted all over India.

THE VAIDYA SARATHY,

KOTTAYAM. (S India)

"അഷ്ടവഗ്ഗം"

(വൈദ്യശാസ്ത്രി, കെ. വാസുദേവൻ ഉണ്ണി.)

അഷ്ടവഗ്ഗം എന്നാൽ എന്താണെന്ന് അറിയാത്തവരായി വൈദ്യന്മാരുടെ കൂട്ടത്തിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ലല്ലോ. എന്നാൽ യോഗ്യന്മാരായ വൈദ്യന്മാർപോലും, ഇവയെ കിട്ടാത്ത മരുന്നാണ് എന്നു പറഞ്ഞു ത്യജിക്കുന്നതിനെ ഓർത്ത് വ്യസനിക്കേണ്ടിയിരിക്കുന്നു.

"രാജ്ഞാമപ്യഷ്ടവർഗ്ഗോയം
യതോഽഭൂദതിദുർല്ലഭഃ
തസ്മാദസ്യ പ്രതിനിധിം
ഗൃഹ്ണീയാത്തദ്ഗുണം ഭിഷൿ."

ഈ അഷ്ടവഗ്ഗം രാജാക്കന്മാക്കുപോലും ദുർല്ലഭമാണ് എന്നും, അതിനാൽ അവയ്ക്കു പകരം തത്തുല്യഗുണങ്ങളുള്ള വേറെ മരുന്നു ചേത്തുകൊള്ളണം എന്നും ഭാവപ്രകാശത്തിൽ കാണുന്നു. ഈ തത്വത്തെയാണ് വൃദ്ധവൈദ്യന്മാരും കൈക്കൊണ്ടിരിക്കുന്നതെന്നു തോന്നുന്നു. "പത്തമ്മ ചമഞ്ഞാൽ പെററമ്മയാകുമൊ" എന്നൊരു പഴമൊഴിയുണ്ടല്ലോ. അഷ്ടവർഗ്ഗത്തിനുള്ള ഗുണം ഇതരദ്രവ്യങ്ങൾക്ക് എങ്ങിനെ ഉണ്ടാകും? പ്രതിനിധികളെ ചേക്കുന്നത് അയുക്തമാണെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഇത് "നിലവിളിമാററാനുള്ള ഒരു കൌശലം" എന്നു മാത്രമേ വിചാരിക്കേണ്ടതുള്ളൂ. ദിവ്യൌഷധിക്കു പകരം അവതന്നെ കിട്ടണം. അതിനാണ് യോഗ്യന്മാരായ എല്ലാവരും ശ്രമിക്കേണ്ടത്. എന്നാൽ ഇതിനുവേണ്ടി ഒരു കമ്പനിക്കാരൻ വളരെ പരിശ്രമംചെയ്ത് അവയെ തേടിപ്പിടിച്ചു നമ്മുടെ മുമ്പാകെ സമപ്പിച്ചിരിക്കുന്നു. അഷ്ടവർഗ്ഗത്തിനെപ്പററി ഭാവപ്രകാശത്തിൽ ഒരു വിവരണം കൊടുത്തിട്ടുള്ളത് ചുരുക്കത്തിൽ താഴെ ചേക്കാം.

ജീവകം, ഇടവകം, മേദ, മഹാമേദ, കാകോളി, ക്ഷീരകാകോളി, ഋദ്ധി, വൃദ്ധി ഈ എട്ടിനുംകൂടിയുള്ള സമുദായപ്പേരാണ് അഷ്ടവഗ്ഗം എന്നത്. ഈ അഷ്ടവർഗ്ഗം ശീതളവും, ആസ്വാദ്യകരവും, ശരീരമനസ്സുകളെ പുഷ്ടിപ്പെടുത്തുന്നതുമാകുന്നു. ഒടിവ്, ചതവ്, അടി മുതലായവകളാൽ ഉണ്ടായിട്ടുള്ള സകല രോഗങ്ങളേയും ശമിപ്പിക്കുന്നതും രാജയക്ഷ്മരോഗത്തെ അതിശയേന ശമിപ്പിക്കുന്നതും വാതം, പിത്തം, രക്തജന്യങ്ങളായ വികാരങ്ങൾ, ജ്വരം, ദാഹം, പ്രമേഹം ഇത്യാദികളായ സകല രോഗങ്ങളേയും ശമിപ്പിച്ച് ശരീരബലം, ദേഹസൌന്ദര്യം ഇവയെ പ്രദാനം ചെയ്യുന്നതും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതുമാണ്. ഇവയെ രസായനയോഗങ്ങളായ "ച്യവനപ്രാശം മുതലായവയിൽ വിധിക്കുതക്കവണ്ണം ചേത്തുപയോഗിച്ച് ഇതിന്റെ ഗുണങ്ങളെ അറിയുന്നതിന് എല്ലാ വൈദ്യന്മാരും ശ്രമിക്കണം എന്ന് ഞാൻ നിർബന്ധപൂർവ്വം ശുപാർശ ചെയ്യുന്നു. ഭാഗ്യവശാൽ ഈ അഷ്ടവർഗ്ഗം ച്യവനപ്രാശത്തിൽ ചേ

ക്കുന്നതിന് തിരുവനന്തപുരത്തു വാസുദേവവിലാസം വൈദ്യശാലയിൽ വരുത്തിയതു് എനിക്കുകൂടി കാണുവാൻ ഇടയായി. ശാസ്ത്രീയമായ മിക്ക ലക്ഷണങ്ങളും ഇതിനുണ്ടു്. അതിനാൽ മിക്കവാറും ഇതുതന്നെ ആയിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. *

1. **ജിവകം.** ഇതു് ഹിമാലയത്തിൻെറ കൊടുമുടികളിൽ ഉണ്ടാകുന്നു. ഇതിൻെറ കിഴങ്ങിന് വെളുത്ത ഉള്ളിയോടു സാധർമ്മ്യം ഉണ്ടു്. ഉറപ്പില്ല, ഇല ചെറുതായിരിക്കും. ഈ കിഴങ്ങിൻെറ അഗ്രം കൂർത്തിരിക്കും.

2. **ഇടവകം.** ഇതും ഹിമാലയത്തിൻെറ അഗ്രത്തിലുണ്ടാകുന്നു. എന്നാൽ ഇതിൻെറ (കിഴങ്ങിൻെറ) അഗ്രം കാളക്കൊമ്പിൻെറ അഗ്രം പോലെയിരിക്കും.

ഇതിൻെറ രണ്ടിൻേറയും ഗുണങ്ങൾ:—വാതം, പിത്തം, രക്തദോഷം, ജ്വരം, സർവ്വാംഗസന്താപം, കാർശ്യം, രാജയക്ഷ്മാ, കാസം ഇവയെ ശമിപ്പിക്കും. കഫം, ശുക്ലം, ബലം ഇവയെ വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും.

3. **മേദ.** ഇതു് മോരംഗം മുതലായ രാജ്യങ്ങളിൽ കിട്ടിവരുന്നു. ഇതിൻെറ കിഴങ്ങു് വെളുത്തിരിക്കും. നഖംകൊണ്ടു ഛേദിക്കത്തക്കവണ്ണം മൃദുവാണ്. കന്മദം മുതലായ ധാതുദ്രവ്യങ്ങൾ ഒലിക്കുന്നതുപോലെ ഇതിൽ നിന്നും ഒരുതരം രസം ഒലിച്ചുകൊണ്ടിരിക്കും.

4. **മഹാമേദ.** ഈ കിഴങ്ങു് ഒരുതരം വള്ളിയുടേതാണ്. ഇതും മോരംഗം മുതലായ ചില രാജ്യങ്ങളിൽ ഉണ്ടാകുന്നു. ഋഷീശ്വരന്മാർ ഇതിനെ "ഖനീമേദ" എന്നും വിളിച്ചുവരുന്നു. ഇതിൻെറ കിഴങ്ങു് വെളുത്ത ഇഞ്ചിയോടു് സദൃശവും പാണ്ഡുരവർണ്ണത്തോടുകൂടിയതും ആകുന്നു.

ഗുണം:—വാതം, പിത്തം, രക്തദോഷം, ചുട്ടുനീറൽ, ജ്വരം, ചുമ, ക്ഷയം, ക്ഷതം, ക്രമി, രക്തവാതം, ചുഴൽച്ച ഇവയെ ശമിപ്പിക്കും. കഫം, ശുക്ലം, മുലപ്പാൽ ഇവയെ വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും.

5. **കാകോളി.** മഹാമേദ ഉണ്ടാകുന്ന സ്ഥലത്തു് ഇതുണ്ടാകുന്നു. കിഴങ്ങിൻെറ നിറം അല്പം കറുത്തിരിക്കും.

6. **ക്ഷീരകാകോളി.** ഇതും മഹാമേദയുണ്ടാകുന്ന സ്ഥലത്തു് ഉണ്ടാകുന്നു. ഇതിൻെറ കിഴങ്ങു് ഏതാണ്ടു് ശതാവരിക്കിഴങ്ങുപോലെയിരിക്കും. ക്ഷീരകാകോളിയിൽനിന്നും പാൽ ഒലിച്ചുകൊണ്ടിരിക്കും. ക്ഷീരകാകോളി ശുഷ്കമായാൽപ്പോലും ആ കിഴങ്ങു് വെള്ളത്തിലിട്ടു കുറേക്കഴിഞ്ഞാൽ ആ വെള്ളം പാലുപോലെയായിത്തീരും. ഗന്ധം, നിറം, സ്വാദ്, ഫലം ഇതുകൊണ്ടെല്ലാം ആ ജലം പശുവിൻപാലിനോടുതുല്യമാകുന്നു. ഈ പരീക്ഷ പതിവായി ചെയ്തുകൊണ്ടിരുന്നാൽ മൂന്നുനാലുദിവസം ഈ നില തന്നെയായിരിക്കും.

---

* മിക്കവാറും ഗുണങ്ങളെക്കൊണ്ടനുമാനിച്ചുചേർക്കുന്നതിനെക്കാൾ പൂർവ്വന്മാരുടെ അഭിപ്രായപ്രകാരം പ്രതിനിധികൾ ചേർക്കുന്നതല്ലയോ ഉത്തമം? Editor:—V. S.

ഗുണം:—വാതം, പിത്തം, രക്തദോഷം, ചുട്ടുനീററൽ, ക്ഷയം, ജ്വരം, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ശീതവീര്യമാണ്. മധുരരസവും ഗുരുവുമാകുന്നു. ക്ഷീരകാകോളി വിശിഷ്യ ഹൃദ്രോഗശമനവും സ്തന്യവൃദ്ധികരവുമാണ്. ഈവക ദിവ്യൌഷധികളെ അന്വേഷിച്ചു സ്റ്റാക്കുചെയ്യേണ്ടതു് എല്ലാ വൈദ്യന്മാരുടേയും, മരുന്നുവ്യാപാരികളുടേയും കർത്തവ്യമാണെന്നാണ് എൻെറ അഭിപ്രായം.

7. ഋദ്ധി. ഇതു് ഒരുതരം വള്ളിയുടെ കിഴങ്ങാണ്. കോശയാമളമെന്ന ദേശത്താണ് ഇവയുണ്ടാകുന്നതു്. ഈ കിഴങ്ങിന്മേൽ വെളുത്ത ലോമങ്ങളും രന്ധ്രങ്ങളും കാണും.

8. വൃദ്ധി. ഇതും ഒരുതരം വള്ളിയുടെ കിഴങ്ങാണ്. കോശയാമളമെന്ന ദേശത്തുണ്ടാകുന്നു. ഋദ്ധിയുടെ ലക്ഷണങ്ങൾ എല്ലാം ഇതിനും കാണും. എന്നാൽ ഇവകൾ തമ്മിലുള്ള വ്യത്യാസം ഋദ്ധിയുടെ കിഴങ്ങ് തുലഗ്രന്ഥിതുല്യമായിരിക്കും. കായ് ഇടത്തോട്ടു പിരിഞ്ഞുകാണാം. വൃദ്ധിക്കായിൻെറ പിരിവു വലത്തോട്ടും ആണ്. ഇതാണ് ഇവതമ്മിലുള്ള വ്യത്യാസം. എടമ്പിരി, വലമ്പിരി എന്നും രണ്ടുതരം കായ് ഇവിടങ്ങളിലെ മരുന്നുപെട്ടികളിൽ കാണ്മാനുണ്ടു്. ഇതും ഒരു വള്ളിയുടേതാണെന്നു് അറിയുന്നു. ആ വള്ളിക്കു കിഴങ്ങുണ്ടോ എന്നും ഉണ്ടെങ്കിൽ അതു് ഋദ്ധിവൃദ്ധികൾക്കു പറഞ്ഞിരിക്കുന്ന ഗുണങ്ങൾ ഉണ്ടോ എന്നും പരീക്ഷിച്ചറിയാൻ എല്ലാവരോടും അപേക്ഷിക്കുന്നു. കായ് രണ്ടും ലക്ഷണംകൊണ്ടു് ഒത്തിരിക്കുന്നതിനാൽ കിഴങ്ങിൻെറ ഗുണവും ഒത്തിരിക്കും എന്നാണ് എൻെറ അഭിപ്രായം. ഞാൻ പരീക്ഷിച്ചിട്ടില്ല, പരീക്ഷിക്കാൻ ശ്രമിക്കുന്നു.

ഗുണം:—ത്രിദോഷം, മോഹാലസ്യം, രക്തപിത്തം, തണ്ണീർദാഹം, അരുചി, ക്ഷയം, ജ്വരം, കൃമി, കുഷ്ഠം ഇവയെ ശമിപ്പിക്കും. ശരീരബലം, പ്രാണബലം, ശുക്ലം ഇവയെ വർദ്ധിപ്പിക്കും. ഓർമ്മശക്തിയെ പ്രദാനംചെയ്യും. കർമ്മസാമർത്ഥ്യത്തെ ഉണ്ടാക്കും. ദൂഷിച്ച രക്തത്തെ ശുദ്ധിയാക്കും.

ഹിമവാൻ തുടങ്ങിയ പുണ്യപർവതങ്ങളിൽ ഈവക ദിവ്യൌഷധങ്ങൾ സുലഭമാണ്. ഈ കമ്പനിക്കാരൻ കൊണ്ടുവന്നിരിക്കുന്നതും അവിടെനിന്നാണെന്നാണ് എൻെറ അറിവു്. അതിനാലും നമുക്കു ശാസ്ത്രരീത്യാ കാണാവുന്ന മിക്ക ലക്ഷണങ്ങളും ഇതിനുള്ളതിനാലും എല്ലാ വൈദ്യന്മാരും ഒരുതവണയെങ്കിലും ഈ ദിവ്യൌഷധികളെ പ്രയോഗിച്ചറിഞ്ഞു് ഫലം അറിവിക്കുന്നതു് ഏററവും പ്രശംസനീയമായിരിക്കും. അഷ്ടവർഗ്ഗത്തെ സംബന്ധിച്ചു് എൻെറ അറിവിൽപ്പെട്ടിടത്തോളം ഇത്രമാത്രമാണ്. ഇതിനെപ്പററി കൂടുതൽ അറിവും അനുഭവവും ഉള്ള മഹാന്മാർ അവരവരുടെ അഭിപ്രായത്തെക്കൂടി അറിയിക്കണം എന്നു് സവിനയം അപേക്ഷിക്കുന്നു.

ധാതുപരിണാമക്രമം.

By Vaikom P. Mahadeva Iyer A. V. College.

(തുടർച്ച.)

൨. ഖലേകപോതന്യായം.

അതായത് ഒരു കളത്തിൽനിന്നും (കൊയിത്തുകാലത്ത്) ഒരേ സമയത്ത് ഏഴ് പ്രാവുകൾ തീററി എടുത്തുകൊണ്ടുപോയി അതാതുകളുടെ കൂട്ടകളിൽ ശേഖരിച്ച് അതാതുകളുടെ കുടുംബത്തെ പരിപാലിച്ചുവരുന്നു എന്നുവയ്ക്കുക. എന്നാൽ ഓരോന്നും അതാതുകളുടെ കൂട്ടിൽ എത്തിച്ചേരുവാൻ കാലവ്യത്യാസം സംഭവിക്കുന്നുണ്ട്. അതിനു കാരണം കുളത്തിൽ നിന്നും കൂട്ടകളിലേക്കുള്ള ദൂരത്തിന്റെ ഏററക്കുറച്ചിലുകളാകുന്നു.

ഇതേമാതിരിതന്നെയാകുന്നു ശരീരത്തിലും ധാതുപരിണാമം നടക്കുന്നത്. അതിനുള്ള ശാസ്ത്രതത്വത്തോടുകൂടി താഴെ വിവരിക്കുന്നു.

"വ്യാനേന രസധാതുർഹി വിക്ഷേപോചിതകർമ്മണാ
യുഗപൽ സർവ്വതോഽജസ്രം ദേഹേ വിക്ഷിപ്യതേ സദാ."

നാം കഴിക്കുന്ന ആഹാരം ജഠരാഗ്നിയാൽ പക്വമായിട്ട് സാരകിട്ടഭേദേന രണ്ടുവിധത്തിലായിത്തീരുന്നു. ഇപ്രകാരം സാരാത്മകമായി, സദാ ആമാശയാദികളുടെ ഭിത്തികൾവഴി വേർതിരിഞ്ഞുകൊണ്ടിരിക്കുന്ന "രസത്തിനെ'' ഹൃദിസ്ഥിതനും, വിക്ഷേപോചിതകർമ്മാവുമായിരിക്കുന്ന (സദാ പ്രേരണസ്വഭാവത്തോടുകൂടിയവനുമായ) വ്യാനവായുവിനാൽ, ശരീരമാസകലം അനവരതം വിക്ഷേപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു (വ്യാപിച്ചുകൊണ്ടിരിക്കുന്നു.)

ഇപ്രകാരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന 'രസത്തിൽ' നിന്ന് ഓരോ ധാതുക്കളും, "പാർത്ഥിവാഃ പാർത്ഥിവാനേവ ശേഷാഃ ശേഷാംശ്ച ദേഹഗാൻ" എന്നുള്ള തത്വപ്രകാരം തത്തുല്യങ്ങളായ ഭൂതഗുണങ്ങളെ സ്വീകരിച്ചു പചിച്ച് അതാതുകൾക്കു പുഷ്ടിയെ ഉണ്ടാക്കുന്നു. അതായത് രക്തധാതു മേൽപ്പറഞ്ഞ വ്യാനവിക്ഷിപ്തമായിക്കൊണ്ടിരിക്കുന്ന രസത്തിൽനിന്ന് തത്തുല്യങ്ങളായ ഭൂതഗുണങ്ങളെ സ്വീകരിച്ച് രക്തത്തെ പുഷ്ടിപ്പെടുത്തുന്നു. ഇതുപോലെ മാംസധാതു അതിനോടു സദൃശങ്ങളായ അംശങ്ങളെ സ്വീകരിച്ചു പചിച്ച് മാംസധാതുവിനെ പുഷ്ടിപ്പെടുത്തുന്നു. ഇതുപോലെതന്നെയാണ് ശുക്ലാന്തം ഉള്ള എല്ലാ ധാതുക്കളും അതാതിന് ആവശ്യങ്ങളായ തുല്യാംശങ്ങളെ വ്യാനവിക്ഷിപ്തമായ രസത്തിൽനിന്ന്, സ്വീകരിച്ചു പചിച്ച് അതാതു ധാതുക്കളെ പോഷിപ്പിക്കുന്നത്.

ഇപ്രകാരമാണ് ശരീരത്തിൽ ധാതുപരിണാമം നടക്കുന്നത്. അതുകൊണ്ടാണ് ഭിഷഗ്വരന്മാർ രസം, രക്തം മുതലായ ധാതുക്കളുടെ കുറവു ശരീരത്തിൽ സംഭവിക്കുമ്പോൾ അതുകളെ വർദ്ധിപ്പിക്കുന്നതുകളായ, സാമാന്യഗുണയുക്തങ്ങളായ ഔഷധങ്ങളെ നൽകിവരുന്നത്.

അതായത് ഒരാളിൽ കുറച്ചു രക്തം ക്ഷയിച്ചു എന്നിരുന്നാൽ, ഉടനെ രക്തത്തെ പുഷ്ടിപ്പെടുത്തുവാൻതക്ക ശക്തിയുള്ള ഔഷധത്തെയാണ് സാധാരണ പ്രയോഗിക്കാറുള്ളത്. അപ്രകാരം പ്രയുക്തമായ ഔഷധം അല്ലെങ്കിൽ അന്നപാനാദികൾ പചിച്ച് രസമായി കഴിഞ്ഞാൽ വ്യാനവായുവിനാൽ ശരീരമെങ്ങും വിക്ഷിപ്തമാകുന്നു. അപ്പോൾ അതിൽ കൂടുതലായി രക്തത്തിനോടു സദൃശങ്ങളായ അംശങ്ങളാണ് അടങ്ങിയിരിക്കുന്നത്. അതിനാൽ രക്തധാതു, ഇതരധാതുക്കളെ അപേക്ഷിച്ച് അതിൽനിന്നു തത്തുല്യമായ അംശങ്ങളെ സ്വീകരിച്ച് പുഷ്ടിയെ പ്രാപിക്കുന്നു. ("വൃദ്ധിസ്സമാനൈസ്സർവ്വേഷാം" എന്നുള്ള തത്വവും ഇവിടെ ഓർക്കേണ്ടതാകുന്നു.)

ഇതുപോലെതന്നെയാണ് മററു ധാതുക്കളും ക്ഷയിച്ചാൽ അതാതിനെ വർദ്ധിപ്പിക്കുന്നതുകളായ സാധനങ്ങളെ കൊടുത്തു വർദ്ധിപ്പിക്കുന്നത്.

ഇപ്രകാരമെല്ലാം ഇരിക്കുന്നതിനാൽ മുൻ പറഞ്ഞപ്രകാരം "ഖലേകപോതന്യായ"പ്രകാരമാണ് ശരീരത്തിൽ ധാതുപരിണാമക്രമം നടക്കുന്നത് എന്നു ചില ആചാര്യന്മാർ പറയുന്നു.

ഈ ന്യായത്തിന് എനിക്ക് ഒരു പേരുകൂടി കൊടുത്താൽ കൊള്ളാമെന്നു തോന്നുന്നു. അതായത് "മിശ്രഭാണ്ഡവിതരണന്യായം" എന്നാകുന്നു.

അതായത് ഒരു കച്ചവടക്കാരൻ അനേകം സാധനങ്ങളടങ്ങിയ ഒരു കെട്ടുംകൊണ്ട് ഒരു തെരുവിൽ പ്രവേശിക്കുന്നു. ആ തെരുവിൽ ഏഴു വീടുകൾ ഉണ്ടെന്നു വയ്ക്കുക. ഓരോ വീട്ടുകാരും ഈ കച്ചവടക്കാരന്റെ അടുക്കൽനിന്നും അവരവർക്ക് ഇഷ്ടമുള്ള സാധനങ്ങളെ സ്വീകരിച്ചു സന്തോഷിക്കുന്നു.

ഇതുപോലെ ശരീരമാകുന്ന തെരുവിൽ വ്യാനനാകുന്ന വണിക്ക് ആഹാരസാരമാകുന്ന മിശ്രഭാണ്ഡത്തെ (അനേക ഭൂതഗുണങ്ങളടങ്ങുകയാൽ, മിശ്രമായ ഒരു കെട്ട് എന്നു സാരം) വഹിച്ചുകൊണ്ടു നടക്കുമ്പോൾ, സപ്തധാതുക്കളാകുന്ന വീട്ടുകാർ തത്തുല്യങ്ങളായ സാധനങ്ങളെ സ്വീകരിച്ച് പോഷിക്കുന്നു.

അതുകൊണ്ട് ആചാര്യന്മാർക്കെന്നപോലെ നമുക്കും ഈ ന്യായത്തിന് നവീനമായിട്ട് "മിശ്രഭാണ്ഡവിതരണന്യായം" എന്ന നാമധേയം നൽകാവുന്നതാകുന്നു. ഇതു് അനാസ്പദമായ ഒരു പേരാകുന്നു എന്ന് എനിക്കു തോന്നുന്നു.

ഇപ്രകാരമാണെങ്കിലും—

പൂർവ്വോ ധാതുഃ പരം കുര്യാദ്വൃദ്ധഃ ക്ഷീണശ്ച തദ്വിധം" എന്നും,
"രസോപ്യസ്യ ന രക്തായ മാംസായ കുത ഏവ തു"

എന്നും മററുമുള്ള ശാസ്ത്രതത്വങ്ങൾക്കു വിപരീതമായിട്ടാണ് മുൻ പറഞ്ഞ ന്യായത്തെ (ഖലേകപോതന്യായത്തെ) കാണുന്നത്. അതിനാൽ ഈ ന്യായവും സ്വീകാര്യമല്ല എന്നു വരുന്നു.

ഇനി 'കേദാരകുല്യാന്യായത്തെ' പരിശോധിച്ചുനോക്കാം.

(തുടരും)

വിഷൂചിക.

എം. വി. കരുണാകരൻവൈദ്യർ.

വിഷൂചിക, കോളറ, തലേത്തട്ടി എന്നീവിധം പല സ്ഥലങ്ങളിലും പല വിധത്തിൽ പറഞ്ഞു വരുന്ന ഈ രോഗത്തിൻെറ ഉൽഭവകാരണത്തേയും, നിവാരണത്തേയുംപററി എത്ര വലിയ ഒരു ലേഖനം എഴുതുന്നതായാലും അതിൻെറ വ്യാപ്തിയെ വിശദമായി വിസ്തരിക്കുവാൻ സാദ്ധ്യമല്ല എങ്കിലും ഏകദേശം ഇതിൻെറ ചുരുക്കമായ ഒരു വിവരണമാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നതു്.

"സൂചീഭിരിവ ഗാത്രാണി
തുദൻ സന്തിഷ്ഠതേऽനിലഃ
യസ്യാജീർണ്ണേന സാ വൈദ്യൈർ-
വിഷൂചീതി നിഗദ്യതേ." എന്നാണ് ഈ രോഗത്തിന്നു വിഷൂചി എന്ന പേർ കൊടുക്കുവാൻ കാരണം എന്നാണ് പറയുന്നതു്.

ഇതിൻെറ ഉൽഭവത്തെ പലരും പല വിധത്തിലും അഭിപ്രായപ്പെടുന്നുണ്ടെങ്കിലും അവരിൽ ഭൂരിപക്ഷത്തിൻേറയും അഭിപ്രായം ഈ രോഗത്തിൻെറ പ്രധാന ഹേതു അമിതഭോജനമാകുന്നു എന്നാണ്. ഭക്ഷണത്തിന്നു യാതൊരു വ്യവസ്ഥയും ഇല്ലാത്തവരിലാണ് സാധാരണ ഈ രോഗം ബാധിച്ചു കാണുന്നതും. ആത്മജ്ഞാനം ഇല്ലാത്തവരായ ചിലർ * പശുക്കൾ എന്നപോലെ പ്രമാണത്തോടു കൂടാതെ ഭക്ഷിക്കുന്നു. അവർ അനേക രോഗകാരണമായ അജീർണ്ണത്തെ സ്വയംവരിക്കുകയും ചെയ്യുന്നു.

"നാഭോജനേന കായാഗ്നിർ
ദീപ്യതേ നാതിഭോജനാൽ
യഥാ നിരിന്ധനോ വഹ്നി-
രല്പോ വാതീന്ധനാവൃതഃ" എന്നുള്ള പ്രമാണപ്രകാരം, ശരീരാന്തർഗ്ഗതമായിരിക്കുന്ന അഗ്നി ഭക്ഷണം ചെയ്യാതിരിക്കുന്നതുകൊണ്ടും അതിമാത്രമായി ഭക്ഷിക്കുന്നതുകൊണ്ടും ക്ഷീണിക്കുന്നു. കത്തിജ്വലിച്ചിരിക്കുന്ന ബാഹ്യാഗ്നി വിറകിട്ടുകൊടുക്കാതിരുന്നാലും അല്പമായിരിക്കുന്ന തീയിൽ അധികമായി വിറകിട്ടു കൊടുക്കുന്നതിനാലും ഏതുപ്രകാരം നശിക്കുന്നുവോ അപ്രകാരം കായാഗ്നിയും നശിക്കുന്നു. ദരിദ്രന്മാർ സാധാരണ പട്ടിണി കിടക്കയും കിട്ടുമ്പോൾ അമിതമായി ഭക്ഷിക്കുകയും ചെയ്യുന്നതിനാലാണ് മേൽ പ്രസ്താവിച്ചപോലെ അവരുടെ കായാഗ്നി നശിക്കുകയും തന്മൂലം അവരിൽ ഈ രോഗത്തിന്നു കൂടുതൽ പ്രവേശനം സിദ്ധിക്കുകയും ചെയ്യുന്നതു്.

എന്നാൽ ഈ രോഗം ചിലപ്പോൾ ഒരു ഗൃഹത്തേയോ, ഗ്രാമത്തേയോ, ദേശത്തേയോ ആകമാനം ബാധിക്കുന്നതായിക്കാണുമ്പോൾ,

---

* "പശുക്കൾ എന്നപോലെ" എന്നതു ശരിയായി തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അവയ്ക്കു പൂർണ്ണമായി നിറഞ്ഞാൽ പിന്നീടു അവ ഭക്ഷിക്കുന്നില്ല. (Editor: V. S.)

മേൽ പ്രസ്താവിച്ച കാരണങ്ങളിൽ നമുക്ക് ആശങ്ക ജനിക്കുകയും, തന്മൂലം മററുകാരണങ്ങളും ഈ രോഗത്തിന്നു ഹേതുവായി ഭവിക്കാം എന്നു സിദ്ധിക്കുകയും ചെയ്യുന്നു.

നമുക്കുളവായ ഈ ആശങ്കയുടെ നിവാരണാൎത്ഥം ചരകത്തിൻ ജനപദോദ്ധ്വംസനവിവരണത്തിൽ പറയുന്ന ചില വിവരങ്ങൾ ഇവിടെ ഉദ്ധരിക്കാം. "പ്രകൃതി, വായു, ബലം, സാത്മ്യം മുതലായ വ്യത്യസ്തങ്ങളായ വസ്തുക്കളോടു കൂടാതെ സാമാന്യങ്ങളായ ചില ഭാവങ്ങൾ ഉണ്ട്. ഇതുകൾ എല്ലാവൎക്കും തുല്യങ്ങളാകുന്നു. അവയ്ക്കു് വിഗുണത്വമുണ്ടായാൽ അവ ഉപയോഗിക്കുന്ന എല്ലാ ജനങ്ങൾക്കും സാമാന്യലക്ഷണങ്ങളായിരിക്കുന്ന വ്യാധികൾ ഉണ്ടാകുന്നു.

"വാതാജ്ജലം ജലാദ്ദേശം
ദേശാൽക്കാലം സ്വഭാവതഃ" എന്ന അഭിജ്ഞവചനമനുസരിച്ച് ദുഷിച്ചിരിക്കുന്ന വായുവിൽനിന്നു വെള്ളവും വെള്ളത്തിൽനിന്നു ദേശവും ദേശത്തിൽനിന്നു കാലവും സ്വാഭാവികമായി ദൂഷിക്കുന്നു എന്നു സിദ്ധമാകുന്നുണ്ടല്ലോ? ഇപ്പ്രകാരം ദൂഷിക്കുന്ന വായു, ജലം മുതലായവയെ ഉപയോഗിക്കുന്ന എല്ലാ ജനങ്ങളും തദനുസരണങ്ങളായ രോഗങ്ങളാൽ പീഡിതരായി ഭവിക്കുന്നു.

വായ്വാദികളുടെ ദൂഷിപ്പിൽനിന്നു രോഗകാരണമായ ഒരു ശക്തി ഉൽഭൂതമാകയും അതു് കാററുമൂലം പരക്കുകയും കാററിൽ ആ ശക്തി അധികദിവസങ്ങൾ നിലനില്ക്കാത്തതാണെങ്കിലും അതിനെ ജലം സ്വീകരിക്കുകയും അധികദിവസം അതു് ജലത്തിൽ സ്ഥിതിചെയ്യുവാൻ സമൎത്ഥങ്ങളായിതീരുകയും ചെയ്യുന്നു. തന്നിമിത്തം ജലത്തിന്നു ഉൽക്ലേദമുണ്ടാകുകയും അതിൽനിന്നും നമുക്ക് ദൃഷ്ടിഗോചരമല്ലാത്തതും ആയുൎവ്വേദാചാൎയ്യന്മാരുടെവാക്യങ്ങളാലും, ഇംഗ്ലീഷുകാരുടെ ഭൂതക്കണ്ണാടികളാലും വ്യക്തമാകുന്നതുമായ ഒരുവക അണുകൃമികൾ ഉണ്ടാകുകയും അപ്രകാരമുള്ള ജലം ഉപയോഗിക്കുന്ന സൎവ്വരിലും ഓരോ വിധത്തിലുള്ള വ്യാധികൾ സംഭവിക്കുകയും ചെയ്യുന്നു. ഇപ്പോൾ ഈ രോഗം നാടടച്ചും വീടടച്ചും പിടിപെടുന്നതിന്റെ സാമാന്യകാരണം, വ്യക്തമായല്ലോ?

എന്നാൽ ചിലൎക്ക് ദീനക്കാരെക്കാണുന്നതിനാലും ഈ രോഗം ഉണ്ടായിക്കാണുന്നുണ്ട്. ഇതിന്റെ പ്രധാനകാരണം ഭയമാകുന്നു. അതിസാരത്തിന്റെ കാരണങ്ങൾ പറയുന്നകൂട്ടത്തിൽ

"ദോഷൈൎവ്യസ്തൈസ്സമസ്തൈശ്ച
ഭയാൽ ശോകാച്ച ഷഡ്വിധഃ" എന്നു അഷ്ടാംഗഹൃദയത്തിൽ അതിസാരനിദാനത്തിൽ പറയുന്നതിൽനിന്നും ഭയംമൂലം അതിസാരം ഉണ്ടാകുമെന്നു സിദ്ധിക്കുന്നുണ്ടല്ലോ? ഭീരുക്കളായ ചിലർ ഈ രോഗികളെക്കാണുന്നതിനാൽ ഭയപ്പെടുന്നു. ഈ ഭയമാണ് അവരിൽ ഈ രോഗം ബാധിക്കുവാൻ കാരണമെന്നും വിശദമാകുന്നു.

മേൽ പ്രസ്താവിച്ച വിചാരണങ്ങളിൽനിന്നും ഭക്ഷണദൂഷ്യവും മലിനമായ വായു ജലം ഇവയുടെ ഉപയോഗവും ഭീരുക്കളായവർ രോഗികളെക്കാണുന്നതും ഈ രോഗം ഉണ്ടാകുവാൻ കാരണങ്ങളാകുന്നു എന്നു വിശദമായല്ലോ.

ഇനി ഭക്ഷണസാധനങ്ങളെ ക്രമീകരിക്കേണ്ട വിധങ്ങളെ സംബന്ധിച്ച് ആലോചിക്കാം.

"അന്നേന കുക്ഷേർദ്വാവംശൌ
പാനേനൈകം പ്രപൂരയേൽ
ആശ്രയം പവനാദീനാം
ചതുത്ഥമവശേഷയേൽ." എന്നു പറഞ്ഞിരിക്കുന്നതിൽ

നിന്നും ഭക്ഷിക്കുമ്പോൾ വയറിനെ നാലായി ഭാഗിച്ച് അതിൽ രണ്ടുഭാഗം അന്നംകൊണ്ടും ഒരു ഭാഗം ജലംകൊണ്ടും നിറയ്ക്കണം. നാലാമത്തെ ഭാഗം വായു മുതലായ ദോഷ(ത്രിദോഷ)ങ്ങൾക്കു സഞ്ചരിക്കുന്നതിനായി ഒഴിച്ചിടണം എന്നും സ്പഷ്ടമാകുന്നു. ഈ വിധി ആചരിക്കുന്നത് പ്രശംസനീയമാകുന്നു.

ഭക്ഷണസാധനങ്ങളുടെ ഗുരുലഘുത്വം അനുസരിച്ച് മാത്രയെ നിർദ്ദേശിച്ചിരിക്കുന്നു.

"ഗുരൂണാമദ്ധസൌഹിത്യം
ലഘൂനാം നാതിതൃപ്തതാ
മാത്രാപ്രമാണം നിർദ്ദിഷ്ടം
സുഖം യാവദ് വിജീര്യതി."

ഭക്ഷണസാധനം കനത്തവകളായാൽ വയർ പകുതി നിറയുന്നതുവരേയും കനം കുറഞ്ഞവയായാൽ അതിതൃപ്തിവരാതെയും ഭക്ഷിക്കുന്നത് മാത്രയുടെ കണക്കാകുന്നു. ഭക്ഷണം കഴിക്കുമ്പോൾ അത് സുഖമായി ദഹിക്കുമെന്നു എപ്പോൾ തോന്നുന്നുവോ അപ്പോൾ നിറുത്തുന്നതായാൽ അത് ശരിയായി ദഹിക്കുന്നതുകൊണ്ടു അപ്രകാരം ഓരോരുത്തരും ഭക്ഷിക്കുന്നത് അവരവൎക്കു മാത്രയായി സ്വീകരിക്കാവുന്നതാണ്.

ഇനി വായു, ജലം ഇവയുടെ ദൂഷിപ്പിൽനിന്നും രക്ഷപ്പെടേണ്ടതു് വിവരിക്കാം. തുടച്ചയായി ഒരു ദേശത്തെ ആക്രമിച്ചുകൊണ്ടിരിക്കുന്ന ഏതു രോഗമുള്ള സ്ഥലത്തുനിന്നും മാറിത്താമസിക്കുന്നത് വളരെ ഗുണകരമാണ്. ഭീരുക്കളായവർ ഈ രോഗാത്തരെക്കാണുന്നതിൽനിന്നും വിരമിക്കുന്നത് ബുദ്ധിപൂർവകമായിരിക്കും.

ഈ രോഗത്തിന്റെ ചുരുക്കമായ ചില ചികിത്സകൾ അടുത്ത ലേഖനത്തിൽ പ്രതിപാദിച്ചുകൊള്ളാം.

(തുടരും.)

ഔഷധപ്രഭാവം അഥവാ കൊഞ്ഞനംകാട്ടൽ.

(വൈദ്യകലാനിധി കെ. എൻ. രാമൻപിള്ള

ഭാരതീയമഹാവിദ്യാലയം കോട്ടയം.)

ഔഷധപ്രഭാവം എന്ന പേരിൽ സാരഥിയുടെ രണ്ടാംവാല്യം 1. 2. 3. ഈ ലക്കങ്ങളിൽ തുടൎച്ചയായി മി: എസ്സ്. പി. പിള്ള പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിലെ അധികഭാഗവും (ഔഷധങ്ങൾ രോഗം ഭേദപ്പെടുത്തുന്നില്ല) എന്ന പേരിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ലേഖനത്തെ വിമൎശിച്ചതുനിമിത്തം ഉണ്ടായ പരാജയംകൊണ്ട് അങ്ങാടിയിൽ തോററതിന് അമ്മയോട് എന്നമട്ടിൽ എന്നോടുള്ള ഒരു പകവീട്ടൽ (കൊഞ്ഞനം കാട്ടൽ) ആണെന്ന് ആൎക്കും മനസ്സിലാക്കാവുന്നതാണ്. പ്രസ്തുത ലേഖനത്തിൽ അദ്ദേഹം പറയുന്ന രീതിയിലോ എല്ലാ ഭാഗങ്ങൾക്കൊ മറുപടി പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ചിലതിന് മറുപടി പറയാതിരിക്കാനും നിവൃത്തിയില്ലാത്തതുകൊണ്ട് അതിവിസ്തൃതമാകാത്തവിധം സമാധാനം പറയാമെന്ന് വിചാരിക്കുന്നു. ആദ്യമായി പ്രസ്തുത ലേഖനപ്രസിദ്ധീകരണത്തിന് ഉണ്ടായ കാലവിളംബത്തിന് സമാധാനം പറയുന്നത് അദ്ദേഹത്തിൻെറ മുൻലേഖനത്തെ ഞാൻ വിമൎശിച്ചുകൊണ്ടിരുന്നതിനാൽ അതിനുള്ള ഉത്തരവുംകൂട്ടി രണ്ടും ഒന്നായി കഴിക്കാമെന്നുള്ള ഉദ്ദേശം കൊണ്ടായിരുന്നു എന്നാണ്. അപ്രകാരമെങ്കിൽ പ്രസ്തുത ലേഖനത്തിന് ഔഷധപ്രഭാവമെന്ന പേർ യോജിക്കുമൊ എന്നുള്ളത് വായനക്കാർ തീൎച്ചപ്പെടുത്തിക്കൊള്ളട്ടെ. അദ്ദേഹത്തിൻെറ ആദ്യലേഖനത്തിൻെറ ഉദ്ദേശം ചികിത്സകന്മാരിൽ ചിന്താസക്തിയുള്ളവൎക്കായി ഒരു പുതിയ ആലോചനാവിഷയം കൊടുക്കുക എന്നുള്ളതു മാത്രമായിരുന്നു എന്നു പിന്നീട് പറയുന്നു. ഈ അൎത്ഥമല്ലാത്ത ലേഖനം വായിക്കുന്ന സാമാന്യജനങ്ങൾക്ക് കിട്ടുന്നതെന്നു പരോക്ഷമായി ഇതര വൈദ്യശാസ്ത്രങ്ങളെ അപലപിക്കയായിരുന്നു എന്നുമാണു ഞാൻ പറഞ്ഞിട്ടുള്ളതും ഇപ്പോഴും പറയുന്നതും. മി: പിള്ള മറെറാരു ഭാഗത്തു പറയുന്നത് ഔഷധവും ഔഷധപ്രഭാവവും രണ്ടാണെന്നും അവയിൽ ഔഷധപ്രഭാവം മാത്രമാണു രോഗം ഭേദപ്പെടുത്തുന്നതെന്നും ഈ രണ്ടഭിപ്രായങ്ങളും ശരിയാണെന്ന് ഞാനും കാൎയ്യകാരണങ്ങളോടും ഉദാരണങ്ങൾ കാണിച്ചും ഉദാഹരണസഹിതവും തെളിയിച്ചിരിക്കുന്ന സ്ഥിതിക്ക് അദ്ദേഹത്തിൻെറ ലേഖനത്തിൻെറ ഏതു ഭാഗത്തെയാണു ഖണ്ഡിച്ചതെന്നു മനസ്സിലാകുന്നില്ലെന്നുമാണ്! അപ്രകാരമെങ്കിൽ ഈ ലേഖനം എഴുതിയത് എന്തുദ്ദേശത്തോടുകൂടിയായിരുന്നു എന്നു ഞാൻ ചോദിക്കുന്നു. ചൂടുവെള്ളത്തിൽവച്ച് നെയ് ഉരുക്കാവുന്നതുകൊണ്ട് വെള്ളത്തിലുള്ള ചൂട് ജലാംശം കൂടാതെ മറെറാന്നിലേക്ക് കൊണ്ടുവരാവുന്നതും അതുകൊണ്ട് ഉപയോഗം ഉണ്ടാകുമെന്നും എനിക്ക് ഒരു ജ്ഞാനോപദേശം ചെയ്യുന്ന മി: പിള്ളയോട് എന്തിനുവേണ്ടിയാണു ഇതു പറഞ്ഞതെന്നും വെള്ള

ത്തിൽ നിന്നും നെയ്യിൽ കടന്നതായ ചൂട്ട് വീണ്ടും ഒരു സ്ഥൂലവസ്തുവെ അശ്രയിച്ചല്ലാതെ തനിയെ നിൽക്കുന്നുണ്ടോ എന്നും അങ്ങനെ സാധിക്കുമൊ എന്നും ഞാൻ വീണ്ടും ചോദിക്കുന്നു. ഔഷധപ്രഭാവം ഔഷധങ്ങളോടുചേൎന്നും അല്ലാതെയും നിൽക്കാവുന്നതാണെന്ന് മി: പിള്ള പറയുന്നു. ഔഷധപ്രഭാവം ഔഷധത്തോടു ചേരാതെ നിൽക്കുമ്പോൾ അതിന് (പ്രഭാവം ഇല്ലാത്തതിന്) ഔഷധം എന്ന് പറയാമൊ? അതിന്റെ ഉപയോഗം എവിടെ എന്ന് ഞാൻ ചോദിക്കുന്നു. ഔഷധം, രോഗം, ശരീരം ഇവയിലെ ശക്തിവിശേഷം ഒന്നാണെന്ന് ഞാൻ പറഞ്ഞതായ സന്ദൎഭത്തെ ദുൎവ്യാഖ്യാനം ചെയ്തു് കാൎയ്യം മനസ്സിലാകാതെ എന്നോട്ട് മി: പിള്ള കയൎത്തതിൽ മി: പിള്ളക്കുണ്ടായതുപോലെ എനിക്ക് അശേഷം ഇണ്ടൽ ഉണ്ടായിട്ടില്ലെന്ന് പ്രസ്താവിച്ചുകൊള്ളട്ടെ. വീൎയ്യമുള്ള ദ്രവ്യങ്ങളെയാണു ഔഷധങ്ങളെന്നു പറയുന്നതെന്നുള്ള എന്റെ അഭിപ്രായത്തോടു പൂൎണ്ണമായി യോജിക്കുന്ന മി: പിള്ള അതേ സമയംതന്നെ വീൎയ്യമില്ലാത്ത സാധനങ്ങളും പ്രകൃതിയിൽ ധാരാളമുണ്ടെന്നു പറയുമ്പോൾ വീൎയ്യമെന്നാൽ എന്താണെന്നും വീൎയ്യമില്ലാത്ത സാധനമേതാണെന്നും ഞാൻ ചോദിച്ചുകൊള്ളട്ടെ. ഹോമിയപ്പൊതിശാസ്ത്രപ്രകാരം പാൽ പഞ്ചസാരയിൽ ഔഷധപ്രഭാവം പകൎത്തുന്നു എന്ന് മി: പിള്ള മറെറാരു ഭാഗത്തു പറയുന്ന പാൽപഞ്ചസാരയും ആയുൎവ്വേദസിദ്ധാന്തപ്രകാരം വീൎയ്യമുള്ളവതന്നെയാണെന്ന് ഞാൻ മി: പിള്ളയെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഔഷധങ്ങളെപ്പററിയുള്ള മി: പിള്ളയുടെ നിൎവ്വചനവും അവ പാകം ചെയ്യുന്നതിനുള്ള സമ്പ്രദായവും എനിക്ക് അത്ഭുതകരമായി തോന്നിയിരിക്കുന്നു എന്ന് മി: പിള്ള സ്വപ്നം കണ്ടതായി ജല്പിക്കുന്നു. ഇതു് എന്റെ ലേഖനത്തിലെ ഏതുഭാഗം കൊണ്ടാണു മനസ്സിലാക്കിയതെന്നു പറഞ്ഞുതന്നാൽകൊള്ളാം. അനേകായിരം മൈൽ അകലെ നിന്നുവന്നതായ വൈദ്യശാസ്ത്രത്തെ കൂലങ്കഷമായി പഠിച്ച മി: പിള്ള താൻ ജനിച്ചു വളൎന്നതായ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്നതും തന്റെ പ്രപിതാമഹന്മാർ കണ്ടുപിടിച്ചതും ആയ ആയുൎവ്വേദശാസ്ത്രത്തെ സാമാന്യമായിട്ടു മനസ്സിലാക്കുകപോലും ചെയ്യാതെ അജ്ഞതാപാരമ്യത്തിൽ നിന്നുകൊണ്ടു് അബദ്ധജല്പനകൾ ചെയ്യാൻ ലജ്ജിക്കാത്തതിൽ അസ്മാദൃശർ അത്ഭുതപ്പെടുന്നില്ല. ആയുൎവ്വേദസിദ്ധാന്തങ്ങളും തനിക്കറിയാമെന്നുള്ള ദുരഹങ്കാരത്തോടുകൂടി മി. പിള്ള പ്രസ്താവിക്കുന്ന പല അബദ്ധങ്ങളിൽ ഒന്നിനുദാഹരണമാണു ഞാൻ മേൽ കാണിച്ചതു്. മററു ചിലവയ്ക്കും അതതവസരങ്ങളിൽ സമാധാനം പറഞ്ഞുകൊള്ളാം. ഇപ്രകാരം തനിക്കറിയാൻ പാടില്ലാത്ത സംഗതികളെ സംബന്ധിച്ചു് 'അബദ്ധം വാ സുബദ്ധം വാ കുന്തീപുത്രോ വിനായകഃ' എന്ന രീതിയിൽ വാദിക്കുന്നതു ശരിയോ? ഔഷധങ്ങൾ പാകംചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള ഈ നവീന സമ്പ്രദായം ഏററവും ഫലപ്രദവും ശാസ്ത്രീയവും ആണെന്നുള്ളതിന് ഹോമിയോപ്പതിചികിത്സയുടെ അനിതരസാധാരണമായ പുരോഗതി സാക്ഷ്യംവഹിക്കുന്നുണ്ടു് എന്നു മി. പിള്ള പറയുന്നു. ഹോമിയോപ്പതിചികിത്സയ്ക്കു് ഇതരചികിത്സകളെ അപേക്ഷിച്ചു് എന്തു പുരോഗതിയാണുണ്ടായിട്ടുള്ളതെന്നും പുരോഗതിലക്ഷണങ്ങൾ എന്താണെന്നും ഞാൻ ചോ

ദിച്ചുകൊള്ളുന്നു. ഒരു കാൎയ്യം ഞാൻ സമ്മതിക്കുന്നു. അതിവേഗത്തിൽ ഏതു തൊഴിലിലിരിക്കുന്നവൎക്കും അതുപേക്ഷിച്ചു പെട്ടെന്ന് ചികിത്സകനാകത്തക്കവണ്ണം ഉള്ള സൌകൎയ്യം ഇതരവൈദ്യശാസ്ത്രങ്ങളെ അപേക്ഷിച്ച് ഹോമിയോപ്പതിക്ക് ഉണ്ടെന്നു ഞാനും സമ്മതിക്കുന്നുണ്ട്. ആയുൎവേദം, അലോപ്പതി എന്നീ ചികിത്സാസമ്പ്രദായങ്ങൾ പഠിക്കുന്നതിനു തീരെ ചുരുങ്ങിയപക്ഷം അഞ്ചുകൊല്ലവും അതിൽതന്നെ ശ്രദ്ധയോടുകൂടി ഇരിക്കുകയും ചെയ്താൽ മാത്രമെ സാധിക്കയുള്ളൂ. വ്യത്യാസം ഇല്ലാ എന്നല്ലാ ഞാൻ പറയുന്നതു്. പക്ഷേ അവൎക്ക് ശരിയായ ശാസ്ത്രജ്ഞാനം ഇല്ലെന്നുള്ളതും ശരിയാണ്. എന്നാൽ ഹോമിയോപ്പതിയാകട്ടെ സാധാരണ ആറുമാസംകൊണ്ടു സാധിക്കുന്നു എന്നാണു സാധാരണ അനുഭവംകൊണ്ടു മനസ്സിലാകുന്നതു്. ഇതു് ആ ശാസ്ത്രത്തിന്റെ വൈപുല്യത്തിനും മററും തെളിവാണ്. വിദേശത്തുനിന്നും കുപ്പിയിലാക്കി പേരൊട്ടിച്ച് വരുന്നതായ ഔഷധത്തിന്റെ പേരും അതു് ഇന്ന രോഗത്തിനു കൊള്ളാമെന്നും മാത്രമെ അവൎക്ക് പഠിക്കേണ്ടതായിട്ടുള്ളൂ. അല്ലാതെ ഔഷധങ്ങളെയൊ പാകവിദ്യയെയൊ രോഗത്തെയോ ശരീരത്തെയൊ മററൊ സംബന്ധിച്ചു യാതൊന്നും പഠിക്കേണ്ട ആവശ്യം ഇല്ല. ഔഷധശാലകളുടേയും ഡാക്ടർമാരുടേയും സംഖ്യ വൎദ്ധിക്കയാണ് പുരോഗതി എന്നു പറയുന്നതെങ്കിൽ അതു ഹോമിയോപ്പതിക്കു ദിനംദിനം വൎദ്ധിക്കുന്നുണ്ടെന്ന് ഞാനും സമ്മതിക്കുന്നു. സാമാന്യജനങ്ങളുടെ ഇടയിൽ ഇന്നും ആയുൎവേദചികിത്സയെപ്പോലുള്ള വിശ്വാസവും മതിപ്പും ഇതരചികിത്സകൾക്ക് ഇല്ലെന്ന് നിഷ്പക്ഷപാതികൾ സമ്മതിക്കുന്നതാണ്. ഭാരതത്തിന്റെ ദുൎദ്ദശാപരിപാകം നിമിത്തം ഇടക്കാലത്തു് ആയുൎവേദം അധഃപതിക്കയും ആ അവസരത്തിൽ സൂൎയ്യാസ്തമയത്തിങ്കൽ മിന്നാമിനുങ്ങുകൾ എന്നപോലെ പ്രകാശിച്ചുവന്നവയുമായ ഇതരചികിത്സാസമ്പ്രദായങ്ങൾ ആയുൎവേദസൂൎയ്യൻ ഉച്ചസ്ഥനാകുമ്പോൾ അസ്തപ്രഭങ്ങളായി തീരുന്നതാണ്. അതിനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്.

(തുടരും.)

ദ്രവ്യപരിചയം.

കൎപ്പൂരം—പച്ചക്കൎപ്പൂരം?

(എസ്. കെ. വാരിയർ.)

(തുടൎച്ച)

കൎപ്പൂരത്തെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ലല്ലൊ. പുരാതനകാലങ്ങളിൽ കൎപ്പൂരം മുത്തങ്ങയിൽനിന്നു എടുത്തിരുന്നു എന്നുള്ളതിന് "ഘനസാരശ്ചന്ദ്രസംജ്ഞഃ" എന്ന പൎയ്യായങ്ങളിലെ "ഘനസാര" എന്ന പദവും, മുകളിൽ (1) പറയപ്പെട്ടിരിക്കുന്ന പൎയ്യായങ്ങൾക്കു പുറ

ദ്രവ്യപരിചയത്തിൽനിന്നും. പകൎപ്പവകാശമുള്ളതു്. (1) മൂലവും വ്യാഖ്യാനവും ഉപേക്ഷിച്ചിട്ടു ബാക്കിയാണ് പ്രസിദ്ധപ്പെടുത്തുന്നതു്. (ലേ.)

മെ രാജനിഘണ്ടുവിൽ കർപ്പൂരത്തിന്റെ ജാതിഭേദങ്ങളെ പറയുന്നിടത്ത് "അബ്ബസാര" എന്ന ഒരു ജാതിക്കർപ്പൂരത്തെപ്പററിയും പ്രസ്താവിച്ചിരിക്കുന്നതിൽനിന്നും മനസ്സിലാക്കാവുന്നതാണല്ലൊ. എന്നാൽ മുത്തങ്ങയിൽനിന്നു കർപ്പൂരം എടുത്തിരുന്ന രീതി (Method) എന്തായിരുന്നു എന്ന് അറിയുന്നതിന് ശരിയായ മാർഗ്ഗം ഇല്ലാതെയാണ് ഇരിക്കുന്നത്. പലരും പലവിധത്തിൽ പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു മുളനാഴിയുണ്ടാക്കി അതിൽ പച്ചമുത്തങ്ങ തൊലി ചുരണ്ടി ഇടിച്ചു നുറുക്കിയിട്ട് നല്ലവണ്ണം അമർത്തി നിറച്ചു മരഅടപ്പിട്ട് മുറുക്കി കുഴലിന്റെ യാതൊരു ഭാഗവും വെളിയിൽ കാണാത്തവണ്ണം കയറുകൊണ്ടുവരിഞ്ഞ് ചിതലിന്റെ ഉപദ്രവമില്ലാത്തതും അശേഷം നനവുതട്ടാത്തതുമായ ചാണകംമെഴുകിയ തറയിൽ ഒരു മുഴം താഴ്ത്തിയിട്ടു മീതെ കൽപ്പൊടി ഇട്ട് തല്ലി മെഴുകി ഇടുക. തറയ്ക്കു ഈർപ്പംതട്ടാതെ സൂക്ഷിക്കണം. മൂന്നുമാസത്തിനുശേഷം എടുത്തു മുളനാഴി പൊട്ടിച്ചു നോക്കിയാൽ ദ്രവിച്ച മുത്തങ്ങയുടെ ഭാഗങ്ങളും ഇടകലന്ന് നമുക്കു ഇപ്പോൾ കിട്ടിവരുന്ന പച്ചക്കർപ്പൂരമെന്നു പറയപ്പെടുന്ന കർപ്പൂരത്തരികളുടെ മാതിരിയുള്ള കർപ്പൂരക്കട്ടകളും കിടക്കുന്നതു കാണാം. ഈ രീതി ഉപദേശംവഴി കിട്ടിയിട്ടുള്ളതാണെന്നും ഒരിക്കൽ പരീക്ഷിച്ചതിൽ ഫലം നിരാശാജനകമായിരുന്നില്ലെങ്കിലും തൃപ്തികരവുമല്ലായിരുന്നു എന്നും ഗുരുമുഖത്തുനിന്നും മനസ്സിലാക്കിയിട്ടുണ്ട്. തൃപ്തിയുള്ളവർ പരീക്ഷിച്ചുനോക്കേണ്ടതാണ്.

പ്രാചീനകാലങ്ങളിൽ കർപ്പൂരം എടുത്തിരുന്ന രീതി (Method) പലവിധത്തിലായിരുന്നിരിക്കണമെന്ന അനുമാനത്തിനു ശാസ്ത്രങ്ങൾ വഴി നൽകുന്നുണ്ട്. രാജനിഘണ്ടുകാരൻ പതിനാലുവിധം കർപ്പൂരമുള്ളതായി പറയുന്നു. ഇവയെല്ലാം പ്രത്യേക സംജ്ഞകളും കൊടുത്തിട്ടുണ്ട്. (പോതാസോ ഭീമസേനസ്തദനുസിതകരശ്ശങ്കരാവാസസംജ്ഞഃ പാംസുഃപിംജാബ്ബസാര സ്തദനുഹിമയുതാ വാലുകാജ്ജൂടികാച പശ്ചാദസ്യാസ്തുഷാരസ്തദുപരിസനിമഃ ശീതളഃ പക്തികാച കർപ്പൂരസ്യേതിഭേദാഃ...) ഇപ്രകാരമുള്ള കർപ്പൂരജാതികളെ അദ്ദേഹം ഉത്തമം മദ്ധ്യമം അധമം (ശിരോമദ്ധ്യം തലശ്ചേതികർപ്പൂരസ്ത്രിവിധഃ സ്മൃതഃ) എന്നു മൂന്നായും വിഭജിച്ചു കാണുന്നു. എന്നാൽ "കർപ്പൂരോ ദ്വിവിധഃ പ്രോക്തഃ പക്വാപക്വവിഭേദതഃ പക്വാൽ കർപ്പൂരതഃ പ്രാഹുരപക്വം ഗുണവത്തരം" എന്നു ഭാവമിശ്രൻ രാജവല്ലഭൻ മുതലായി പല പ്രധാനപ്പെട്ട ഗ്രന്ഥകാരന്മാരും കർപ്പൂരത്തെ രണ്ടായി മാത്രം തിരിച്ചിരിക്കുന്നു. രാജനിഘണ്ടുകാരൻ പതിനാലുതരത്തിനും ലക്ഷണങ്ങളെയും നിർദ്ദേശിക്കുന്നുണ്ട്. വ്യാഖ്യാനത്തിനു ഉപാധികളായിരിക്കേണ്ടത് "ആഗമപ്രത്യക്ഷാനുമാനങ്ങളാ"ണല്ലൊ. ആഗമങ്ങളിൽനിന്ന് ഇപ്രകാരം വിഭിന്നരീതിയിലുള്ള കർപ്പൂരങ്ങൾ ഏതേതു ചെടികളിൽനിന്ന് ഏതേതുപ്രകാരം എടുത്തുവന്നിരുന്നു എന്നു വിശദമായി അറിയാൻ നിവൃത്തിയില്ല. പ്രത്യക്ഷത്തിൽ അത്ര അധികം തരം കർപ്പൂരങ്ങൾ ഇല്ല. രാജനിഘണ്ടുവിൽ ചെയ്തിരിക്കുന്ന ലക്ഷണങ്ങളിൽനിന്നും ഈ തരഭേദങ്ങളിൽ അധികവും നിറം മുതലായവയെ ആസ്പദമാക്കി ചെയ്തിരിക്കുന്നു എന്ന അനുമാനത്തിനു വഴിയുമുണ്ട്. ഇതിൽ

നിന്നു, അക്കാലത്തു ഒന്നിലധികം ചെടികളിൽനിന്നു വിഭിന്നരീതികളിൽ കർപ്പൂരം എടുത്തിരുന്നു എന്നും, എടുത്തിരുന്ന ചെടികളുടെയും രീതികളുടെയും വൈവിധ്യമനുസരിച്ചു വന്നുകൂടിയിരിക്കാവുന്ന നിറം ആകൃതി മുതലായവയെ ആസ്പദമാക്കി ഇപ്രകാരം തരഭേദങ്ങൾ സ്വീകരിക്കപ്പെട്ടിരിക്കണം എന്നും വിചാരിക്കാമെന്നു തോന്നുന്നു. പക്വാപക്വഭേദം രാജനിഘണ്ടു സ്വീകരിച്ചിട്ടില്ലെന്നുള്ളതും പ്രസ്താവയോഗ്യമാണ്. അതുപോലെതന്നെ "ശിരോമദ്ധ്യം തലഃശ്ചതി" എന്ന വിഭാഗം ചെടികളുടെ കർപ്പൂരമെടുത്തിരുന്ന ഭാഗങ്ങളെ ആസ്പദമാക്കി ഉത്തമമദ്ധ്യമാധമങ്ങൾ എന്ന അർത്ഥത്തിൽ ചെയ്തിട്ടുള്ളതാണെന്നും ന്യായമായി വിചാരിക്കാം. ധന്വന്തരിനിഘണ്ടുവിൽ കർപ്പൂരത്തിനു തരഭേദവും നിർദ്ദേശിച്ചു കാണുന്നില്ല.

നവീനമതപ്രകാരം രണ്ടുവിധം കർപ്പൂരങ്ങളെ ഉള്ളൂ. അവ ജപ്പാൻ കർപ്പൂരവും ബോർണിയോ കർപ്പൂരവും (Borneo comphor) ആകുന്നു. എന്നാൽ ഇക്കാലത്തു ഇവ രണ്ടുമല്ലാതെ കൃത്രിമമായി നിർമ്മിക്കപ്പെടുന്ന കർപ്പൂരങ്ങളും നമ്മുടെ മാർക്കറ്റുകളിൽ ഉണ്ട്. അവ ഒരുവക രസായനശാസ്ത്രപ്രകാരം (Organic chemistry) കൃത്രിമമായി നിർമ്മിക്കപ്പെട്ട വിദേശങ്ങളിൽനിന്നു ഇറക്കുമതി ചെയ്യപ്പെടുന്നതാകുന്നു. ചതുരവട്ടായി കടലാസുകൂട്ടുകളിൽ ആക്കി ഒരു നിശ്ചിതസംഖ്യ തകരങ്ങളിലടച്ച് ഒരു തരവും, വലിയകട്ടിയായി (Big Irregular masses or Flowers of comphor) മറ്റൊരുതരവും ഇപ്പോൾ കിട്ടിവരുന്നുണ്ടല്ലൊ. ഇവയിൽ ഒന്നാമത്തേതു ജപ്പാനിൽനിന്നും മറ്റേതു ചൈനായിൽനിന്നും പ്രായേണ ഇറക്കുമതി ചെയ്യപ്പെടുന്നു. ഇവ രണ്ടും വിലക്കുറവുള്ളവയാണ്.

ഈ രണ്ടുതരം കർപ്പൂരങ്ങളും എടുത്തുവരുന്നത് കർപ്പൂരവൃക്ഷം എന്നുതന്നെ പറയാവുന്ന (Cinnamomum comphora) എന്ന വൃക്ഷത്തിൽനിന്നാണ്. ഇന്ത്യയിൽ ദുർല്ലഭം ചിലടത്തു ഈ വൃക്ഷങ്ങളുണ്ട്. ഈമാതിരി വൃക്ഷങ്ങൾ മൂത്തതിനുശേഷം തടിയിന്മേൽ ചേരടിച്ചുവെച്ചാൽ തൈലാകൃതിയിൽ ഒരു ദ്രവം ഒലിച്ചുവരുന്നു. ഈ തൈലത്തിനു കർപ്പൂരത്തിന്റെ സകല ഗുണങ്ങളുമുള്ളതാണ്. വൃക്ഷങ്ങളിൽ വെട്ടിവെച്ചു കർപ്പൂരം കട്ടപിടിപ്പിച്ചു എടുക്കുന്ന മറ്റൊരു സമ്പ്രദായവുമുണ്ട്. കർപ്പൂരം ഇല മുതലായവയിൽനിന്നും എടുക്കുന്നുമുണ്ട്.

എന്നാൽ ബോർണിയോക്കർപ്പൂരം (Borneo comphor) മറ്റൊരുതരം വൃക്ഷത്തിൽനിന്നാണ് എടുക്കുന്നത്. ഈ വൃക്ഷം (Dryobalanops Aromatica) എന്നു പറയപ്പെടുന്നു. ഈ (Borneo comphor)-നു മറ്റു മുൻപറഞ്ഞ ഇനം കർപ്പൂരത്തെക്കാൾ അല്പം വിലകൂടുന്നതാണ്. കർപ്പൂരം എടുക്കുന്ന ഉടനെ ഒരു തരിയോടുകൂടിയ പിണ്ഡാകൃതിയിലുള്ളതായിരിക്കും. ഇതു ശുഭ്രമായിരിക്കയുമില്ല. ആമാവസ്ഥയിൽ ജലാംശവുമുണ്ടായിരിക്കും. എടുത്തശേഷം ശുദ്ധിചെയ്താണ് (Purified) വില്ക്കപ്പെടുന്നത്. ഈ ശുദ്ധിക്രമം ഒരുവക ഊർദ്ധ്വപാതനക്രിയ (Snblimation) കൊണ്ടാണു സാധിക്കുന്നത്. ഇവയിൽ ബോർണിയൊ(Borneo)ക്ക

പ്പൂരം ശുദ്ധിചെയ്ത്, മററു കർപ്പൂരങ്ങളിൽനിന്നു വ്യത്യസ്ഥമായ ഒരാകൃതിയിൽ, എന്നുവെച്ചാൽ, നമ്മുടെ മാക്കററുകളിൽനിന്നു നാം പച്ചക്കർപ്പൂരമെന്ന പേരിൽ വലിയ വിലകൊടുത്തു വാങ്ങിവരുന്ന കർപ്പൂര (Small white crystals)മാക്കി എടുത്തയച്ചുവരുന്നു. ബോർണിയോ, സുമാത്ര മുതലായ സ്ഥലങ്ങളിൽനിന്നാണ് ഇതു് ഇറക്കുമതിചെയ്യപ്പെട്ടുന്നതു്.

